(സി) പേര്, രക്ഷകർത്താവിന്റെ പേര്, മേൽവിലാസം, വില്ലേജ്, താലൂക്ക്, ജില്ല, മതം, ജാതി, ഉപജാതി, നോൺ ക്രീമിലെയർ വിഭാഗത്തിൽ ഉൾപ്പെടുന്നു എന്നീ വിവരങ്ങളാണ് ഉണ്ടായിരിക്കേണ്ടത്.

(ഡി) മുകളിൽ (ബി)-ൽ നൽകിയിട്ടുള്ള ഉത്തരത്തിൽ പറഞ്ഞിട്ടുള്ള വിവരങ്ങളാണ് ചേർത്തുവരുന്നത്.

(ഇ) ഇവർക്കു നൽകുന്ന സർട്ടിഫിക്കറ്റിൽ കുടുംബ വരുമാനം രേഖപ്പെടുത്താറില്ല.

(എഫ്) നൽകാറുണ്ട്.

ഡാമുകളുടെ സുരക്ഷിതത്വം

21 (*453) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ജലവൈദ്യുത പദ്ധതികളുടെ ഭാഗമായ ഡാമുകളുടെ സുരക്ഷിതത്വത്തെപ്പറ്റി സർക്കാർ പഠനം നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അപകടാവസ്ഥയിലുള്ള ഡാമുകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ ;

(സി) ഇത് സംബന്ധിച്ച കേന്ദ്ര ജലകമ്മീഷന്റെ ഡാം സേഫ്റ്റി റിഹാബിലിറ്റേഷൻ ഡയറക്ടറേറ്റ് റിപ്പോർട്ട് നൽകിയിട്ടുണ്ടോ ;

(ഡി) എങ്കിൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) :

(എ) ഉണ്ട്. വൈദ്യുത ബോർഡിന്റെ അധീനതയിലുള്ള ഡാമുകൾ, റിസർച്ച് ഓർഗനൈസേഷൻ ഡയറക്ടർ, (പള്ളം), കാലാകാലങ്ങളിൽ പരിശോധന നടത്തി ഓരോ ഡാമിന്റെയും സുരക്ഷിതത്വത്തിന് വേണ്ടി സ്വീകരിക്കേണ്ട നടപടികൾ ശുപാർശ ചെയ്യുന്നുണ്ട്. ഈ ശുപാർശകൾ വിലയിരുത്തി ഓരോ ഡാമിലും സ്വീകരിക്കേണ്ടതായ നടപടികൾക്ക് മുൻഗണനാ ക്രമം നിശ്ചയിച്ച് നടപ്പിലാക്കുന്നുണ്ട്.

(ബി) ഇപ്പോൾ അപകടാവസ്ഥയിൽ ഇല്ലെങ്കിലും, കാലപ്പഴക്കം കാരണം ആനത്തോട്, പമ്പ, കുണ്ടള എന്നീ ഡാമുകൾക്ക് സുരക്ഷിതത്വത്തിനായി ചില അറ്റകുറ്റപ്പണികൾ ചെയ്യേണ്ടതായിട്ടുണ്ട്.

(സി) ആനത്തോട്, പമ്പ എന്നീ ഡാമുകൾ പരിശോധിച്ച് റിപ്പോർട്ട് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത റിപ്പോർട്ടിൽ ആനത്തോട് ഡാമിൽ കണ്ടുവരുന്ന ചോർച്ച ഫലപ്രദമായി തടയുന്നതിന് വേണ്ട സാങ്കേതിക മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക, ഇതിനുള്ള ഡിസൈൻ നൽകുക എന്നിവ കൺസൾട്ടൻസി അടിസ്ഥാനത്തിൽ ചെയ്യാൻ കേന്ദ്ര ജലകമ്മീഷൻ സന്നദ്ധത പ്രകടിപ്പിച്ചിരുന്നു. ഇതിന് 3.43 ലക്ഷം രൂപയാണ് കേന്ദ്ര ജലകമ്മീഷന്റെ ഡാം സേഫ്റ്റി റീഹാബിലിറ്റേഷൻ ഡയറക്ടറേറ്റ് ആവശ്യപ്പെട്ടത്.

താരതമ്യേന ചെലവുകുറഞ്ഞ മറ്റു മാർഗ്ഗങ്ങൾ പരിശോധിക്കുവാൻ ബോർഡ് ആവശ്യപ്പെട്ട സാഹചര്യത്തിൽ വൈദ്യുത ബോർഡിലെ ചീഫ് എഞ്ചിനീയർ (കെ.പി.ഡി.എസ്.) ഡയറക്ടർ റിസർച്ച് ഓർഗനൈസേഷൻ, പള്ളം, മറ്റു ഫീൽഡ് എഞ്ചിനീയർമാരോടൊപ്പം 23-6-2003-ൽ ആനത്തോട് ഡാം പരിശോധിക്കുകയുണ്ടായി. പരിശോധനയിൽ ഡാമിൽ നിന്നും കൂടിയ അളവിൽ വെള്ളം ഉയർന്ന് വരുന്നുണ്ടെങ്കിലും (സീപ്പ് പേജ്) ആശങ്കാജനകമായ സ്ഥിതി വിശേഷം ഒന്നും ഇല്ലെന്നാണ് കണ്ടെത്തിയിട്ടുള്ളത്.

ആദിവാസികൾക്ക് വൺടൈം സെറ്റിൽമെന്റ് എന്ന നിലയിൽ ഭൂമി വിതരണം

22 (*454) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരഹിതരായ ആദിവാസികൾക്ക് വൺടൈം സെറ്റിൽമെന്റ് എന്ന നിലയിൽ ഭൂമി നല്കുന്നതിനായി 25000 ഏക്കർ വനഭൂമി വിട്ടുതരാമെന്ന് കേന്ദ്ര സർക്കാർ സമ്മതിച്ചിട്ടുണ്ടോ ;

(ബി) ഭൂമി വിട്ടുകിട്ടുന്നത് സംബന്ധിച്ച് സർക്കാരിന് രേഖാമൂലം ലഭിച്ച ഉറപ്പുസംബന്ധിച്ച് വിശദമാക്കാമോ ;

(സി) ഏതെല്ലാം നിബന്ധനകളോടുകൂടിയാണ് ഭൂമി വിട്ടുതരാമെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഏതെല്ലാം സ്ഥലങ്ങളിൽ എത്ര ഏക്കർ വീതം വിട്ടുകിട്ടുവാനായിരുന്നു കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ഇ) ഭൂമിയെ സംബന്ധിച്ച പുതുക്കിയ റിപ്പോർട്ട് കേന്ദ്രം ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് കേന്ദ്രത്തിന് സമർപ്പിച്ചത് എപ്പോഴാണ് എന്ന് വെളിപ്പെടുത്തുമോ ?

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ) :

(എ) തത്വത്തിൽ കേന്ദ്രസർക്കാർ സമ്മതിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാരിൽനിന്ന് രേഖാമൂലം ഉറപ്പ് ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly